പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 290 07.10.2016 ൽ മറുപടിപറയേണ്ടിയിരുന്നത്

## നഗരസഭാ സേവനങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. വി. ജോയി. | ശ്രീ. കെ. ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) നഗരസഭകളിലെയും കോർപ്പ-റേഷനുകളിലെയും സേവനങ്ങൾ പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | എ) നഗരസഭയിൽ നിലവിൽ ജനന മരണ രജിസ്ട്രേഷൻ, വിവിധതരം ക്ഷേമപെൻഷനുകൾ, വസ്തു നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ്, മറ്റ് നികുതികളും ലൈസൻസുകളും തുടങ്ങിയ സേവനങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ബി) സേവനങ്ങൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന സമയബന്ധിതമായി ലഭ്യമാക്കുമോ; | ബി) എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ മുഖേന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച വിവിധ സോഫ്റ്റ് വെയർ മുഖേന സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. |
| സി) പൊതുജനങ്ങളുടെ സൗകര്യാർത്ഥം കൂടുതൽ ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നഗരസഭകളുടെ നേതൃത്വത്തിൽ കൂടുതൽ കൗണ്ടറുകൾ തുടങ്ങുന്നതിനും നടപടി സ്വീകരിക്കുമോ? | സി) പരിശോധിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ